'ജലം ജീവാമൃതം'

## മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:-കേരള വാട്ടർ അതോറിറ്റി - ജീവനക്കാര്യം - 2004, 2009 ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിൻമേൽ ഓഡിറ്റ് തടസ്സവാദം മുഖേന ശമ്പളത്തിൽ കുറവ് വന്നിട്ടുള്ള ജീവനക്കാർക്ക് സമയബന്ധിത ഹയർ ഗ്രേഡിനു റീ-ഓപ്ഷൻ അനുവദിച്ചു കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

# കേരള വാട്ടർ അതോറിറ്റി

നമ്പർ: തീയതി, തിരുവനന്തപുരം, 15.06.2020

കെ.ഡബ്ല്യു.എ/ജെ.ബി/എച്ച്.ഒ/ഇ.1/17866/2019

സൂചന:- 1. സ.ഉ(അച്ചടി) നം. 129/2019/ധന തീയതി, 23.09.2019.

2. 27.01.2020ലെ 412-ാമത് കേരള വാട്ടർ അതോറിറ്റിയുടെ 10978-ാം ബോർഡ് തീരുമാനം.

### ഉത്തരവ്

ശമ്പളം ഫിക്സ് ചെയ്ത് വർഷങ്ങൾക്കു ശേഷം അന്ന് അനുവദിച്ച ഓപ്ഷൻ തെറ്റാണ് എന്ന് ഓഡിറ്റിലൂടെ കണ്ടുപിടിക്കുകയും വലിയ തുകകൾ തിരിച്ച് അടയ്ക്കാൻ ആവശ്യപ്പെടുന്ന നിർദ്ദേശങ്ങൾ അനേകം കോടതി വ്യവഹാരങ്ങൾ ഉണ്ടാകുന്നതിന് കാരണമാകുന്ന സാഹചര്യത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ എന്ന രീതിയിൽ 2004, 2009 ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിൻമേൽ ഓഡിറ്റ് തടസ്സവാദം മുഖേന ശമ്പളത്തിൽ കുറവ് ഉണ്ടായിട്ടുള്ള ജീവനക്കാർക്ക് മാത്രമായി താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി സമയബന്ധിത ഹയർഗ്രേഡിന് റീ-ഓപ്ഷൻ അനുവദിച്ച് 23.09.2019 ലെ സ.ഉ(അച്ചടി) നം.129/2019/ ധന പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ടി സർക്കാർ ഉത്തരവ് ചുവടെ നൽകുന്ന പ്രകാരമാണ്

സമയബന്ധിത ഹയർഗ്രേഡിന് റീ-ഓപ്ഷൻ സമർപ്പിക്കേണ്ട സമയപരിധി ഈ ഉത്തരവ് തീയതി മുതൽ മൂന്നു മാസമായിരിക്കും. യാതൊരു കാരണവശാലും റീ-ഓപ്ഷൻ സമർപ്പിക്കാനുള്ള സമയപരിധി ദീർഘിപ്പിച്ചു നൽകുന്നതല്ല.

ഈ ഉത്തരവ് പ്രകാരം അനുവദിക്കുന്ന റീ-ഓപ്ഷന്, റീ-ഓപ്ഷൻ സമർപ്പിക്കുന്ന തീയതിവരെ ഒരു തരത്തിലുള്ള കുടിശ്ശികയ്ക്കും അർഹതയുണ്ടായിരിക്കുന്നതല്ല. സാമ്പത്തിക ആനുകൂല്യം റീ-ഓപ്ഷന് സമർപ്പിക്കുന്ന തീയതി മുതൽക്ക് മാത്രമായിരിക്കും. സമയബന്ധിത ഹയർഗ്രേഡ് നിർണ്ണയവും റീ-ഓപ്ഷൻ പ്രകാരമുള്ള ശമ്പള പുനർനിർണ്ണയവും പൂർണ്ണമായും നിയമന അധികാരി/നിയന്ത്രണ അധികാരിയുടെ ഉത്തരവാദിത്വത്തിൻ കീഴിലായിരിക്കും.ഈ ഉത്തരവിന് വിരുദ്ധമായി അധിക തുക അനുവദിക്കുന്ന പക്ഷം, പ്രസ്തുത തുകയുടെ പലിശ കേരള ഫിനാൻഷ്യൽ കോഡിൽ സൂചിപ്പിച്ചിരിക്കുന്ന നിരക്കിൽ ശമ്പള നിർണ്ണയ അധികാരികളിൽ നിന്ന് ഈടാക്കുന്നതാണ്.

ആദ്യ ഓപ്ഷൻ തീയതി മുതൽ റീ-ഓപ്ഷൻ പ്രാബല്യ തീയതി വരെ അധിക തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് റീ-ഓപ്ഷൻ അനുവദിക്കുന്നതു വഴി ലഭിക്കുന്ന കുടിശ്ശിക തുകയിൽ തട്ടിക്കിഴിക്കേണ്ടതും, ബാക്കി തുക അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് റൊക്കമായി 22.06.1990 ലെ 45/90/ധന. സർക്കുലറിൽ നിഷ്കർഷിച്ചിരിക്കുന്ന സമയപരിധിക്കകം പുതുക്കിയ ശമ്പളം അനുവദിക്കുന്നതിനു മുൻപായി സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

2004 ശമ്പള പരിഷ്കരണ ഉത്തരവിലെ അനുബന്ധം II ഖണ്ഡിക 14, 2009 ശമ്പള പരിഷ്കരണ ഉത്തരവിലെ അനുബന്ധം II ഖണ്ഡിക 25 ലെ ഓപ്ഷൻ മാതൃക പ്രകാരം ബന്ധപ്പെട്ട ശമ്പള പരിഷ്കരണ ഉത്തരവിൽ ഓപ്ഷൻ/റീ-ഓപ്ഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾക്കനുസൃതമായി സമയബന്ധിത ഹയർഗ്രേഡിന് റീ-ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്.

Draft #1 of File .../.../.1/17866/2019 Approved by Managing Director on 15-Jun-2020 05:01 PM - Page 1

ഈ ഉത്തരവ് പ്രകാരം അനുവദിക്കുന്ന റീ-ഓപ്ഷനുള്ള അപേക്ഷ ബന്ധപ്പെട്ട നിയമന അധികാരി/നിയന്ത്രണ അധികാരികൾക്കോ/വകുപ്പ് തലവൻമാർക്കോ സമർപ്പിക്കേണ്ടതാണ്. അതിന് പ്രത്യേക സർക്കാർ അനുമതി ആവശ്യമില്ല.

ഈ ഉത്തരവിൻറെ ആനുകൂല്യം അർഹതപ്പെട്ട എല്ലാ ജീവനക്കാർക്കും ലഭിക്കുന്നതിനായി 2004, 2009 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ശമ്പള നിർണ്ണയ പരിശോധന അടിയന്തിരമായി പൂർത്തിയാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് വകുപ്പുതലവൻമാർ ഉറപ്പുവരുത്തേണ്ടതുമാണ്.കോടതി ഉത്തരവിലൂടെ അന്തിമമായി തീർപ്പിച്ച്കൽപ്പിച്ച കേസുകൾ പുനരാലോചിക്കുകയില്ല.

സർക്കാർ നിശ്ചിയിച്ച നിബന്ധനകൾക്ക് വിധേയമായി കേരള വാട്ടർ അതോറിറ്റിയിലും 2004, 2009 ശമ്പളപരിഷ്കരണ ഉത്തരവുകൾ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിൻമേൽ ഓഡിറ്റ് തടസ്സവാദം മുഖേന ശമ്പളത്തിൽ കറവുണ്ടായിട്ടുള്ള ജീവനക്കാർക്ക് മാത്രമായി സമയബന്ധിത ഹയർ ഗ്രേഡിന് റീ-ഓപ്ഷൻ അനുവദിക്കുന്നതിനായി പ്രസ്തുത ഉത്തരവ് തീരുമാനത്തിനായി ബോർഡിന് മുമ്പാകെ സമർപ്പിക്കുകയും ബോർഡ്, സൂചന രണ്ട് പ്രകാരം [അതോറിറ്റിയുടെ 10978 നമ്പർ തീരുമാനം ] സർക്കാർ നിശ്ചയിച്ച നിബന്ധനകൾക്ക് വിധേയമായി കേരള വാട്ടർ അതോറിറ്റിയിലും 2004, 2009 ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിൻമേൽ ഓഡിറ്റ് തടസ്സവാദം മുഖേന ശമ്പളത്തിൽ കുറവ് വന്നിട്ടുള്ള ജീവനക്കാർക്ക് മാത്രമായി സമയബന്ധിത ഹയർ ഗ്രേഡിനു റീ-ഓപ്ഷൻ അനുവദിക്കാൻ തീരുമാനിക്കുകയും ചെയ്തു.

മേൽ വിവരിച്ച സാഹചര്യത്തിൽ സർക്കാർ നിശ്ചയിച്ച നിബന്ധനകൾക്ക് വിധേയമായി കേരള വാട്ടർ അതോറിറ്റിയിലും 2004, 2009 ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിൻമേൽ ഓഡിറ്റ് തടസ്സവാദം മുഖേന ശമ്പളത്തിൽ കുറവ് വന്നിട്ടുള്ള ജീവനക്കാർക്ക് മാത്രമായി സമയബന്ധിത ഹയർ ഗ്രേഡിനു റീ-ഓപ്ഷൻ അനുവദിച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. സമയബന്ധിത ഹയർഗ്രേഡിന് റീ-ഓപ്ഷൻ സമർപ്പിക്കേണ്ട സമയപരിധി ഈ ഉത്തരവ് തീയതി മുതൽ മൂന്നു മാസമായിരിക്കും. യാതൊരു കാരണവശാലും റീ-ഓപ്ഷൻ സമർപ്പിക്കാനുള്ള സമയപരിധി ദീർഘിപ്പിച്ചു നൽകുന്നതല്ല.

(ഒപ്പ്)
മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ചീഫ് എഞ്ചിനിയർ മാർക്കും
എ.ഒ. (എസ്റ്റാ & അഡ്മിൻ)

ഉത്തരവിന്റെ പകർപ്പ്

എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനിയർ മാർക്കും, പി എ ടു എം ഡി , പി എ ടു റ്റി എം , എഫ് എം & സി എ ഒ , ആർ എ ഒ , എ ഒ (ഇന്റേർണല് ഓഡിറ്റ്), എ ഒ (പെൻഷൻ), സെക്രട്ടറി , ഡി ബി എ

Draft #1 of File .../.../1/1 /866/2019 Approved by Managing Director on 15-Jun-2020 05:01 PM - Page 2

The document is digitally approved. Hence signature is not needed.